# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *394 — 04.02.2014-ൽ മറുപടിയ്ക്ക്

## റോഡുകളുടെ നിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ഐ.സി.ബാലകൃഷ്ണൻ**<br>**,, കെ.അച്ചുതൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1132 കി.മീ റോഡുകൾ ഇൻഡ്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് സമഗ്രവികസനത്തിനായി, സംസ്ഥാന റോഡ് വികസന പദ്ധതിക്ക് (SRIP) സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള (RICK) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള നഗര റോഡു വികസന പദ്ധതി കേരള റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി ഏകദേശം പൂർത്തിയായി. കോഴിക്കോട് നഗര റോഡുവികസന പദ്ധതി ഒന്നാംഘട്ടം നടപ്പാക്കുന്നതിനുള്ള സ്ഥല മെടുപ്പ് പൂർത്തിയായി വരുന്നു. പദ്ധതിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് വരുന്നു. കൊച്ചി, കണ്ണൂർ, മലപ്പുറം, തൃശൂർ, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലെ നഗര റോഡു വികസന പദ്ധതികൾക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>ലോകബാങ്ക് ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിൽ കെ.എസ്.ടി.പി-I പദ്ധതിയിൽ പ്പെടുത്തി 254 കി.മീ റോഡുകൾ അപ്ഗ്രേഡ് ചെയ്യുകയും 1200 കി.മീ റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്ത് പൂർത്തിയാക്കുകയും ചെയ്തു. ഇപ്പോൾ ലോകബാങ്ക് ധനസഹായത്തോടെ 2403 കോടി രൂപയുടെ കെ.എസ്.ടി.പി - 2 പദ്ധതി ആരംഭിച്ചിരിക്കുകയാണ്. 363 കി.മീ ദൈർഘ്യമുള്ള 6 റോഡുകളുടെ അപ്ഗ്രേഡേഷൻ ആണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്. |

| | |
|---|---|
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സംസ്ഥാന റോഡു വികസന പദ്ധതിയിൽ റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നി രണ്ട് പാക്കേജുകളായിട്ടാണ് റോഡുകൾ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത 520 കി.മീ റോഡുകളും അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനായി അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 612 കി.മീ റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.<br>കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡ് വികസന പദ്ധതികളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡുകളാണ് നിർമ്മിക്കുന്നത്. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹനയാത്രക്കാരുടെ സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട്ടു പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. പദ്ധതിക്ക് ചെലവാകുന്ന തുക 15 വർഷമായാണ് സ്വകാര്യപങ്കാളിക്ക് ലഭ്യമാക്കുന്നത്. പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി ബി.ഒ.റ്റി ആന്യൂറ്റി മാതൃകയിൽ നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും ആദ്യമേ പണം മുടക്കേണ്ടതില്ല എന്നതാണ് ഒരു സവിശേഷത. കൂടാതെ പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളുടെ 15 വർഷത്തേക്കുള്ള പരിപാലനം സ്വകാര്യ പങ്കാളിയിൽ നിക്ഷിപ്തമാണ്. ആയതിനാൽ റോഡുകൾ, കാനകൾ, നടപ്പാതകൾ, തെരുവ് വിളക്കുകൾ, സിഗ്നൽ സംവിധാനം എന്നിവയുടെ ഉന്നത നിലവാരത്തിലുള്ള [illegible] പരിപാലനം ഉറപ്പാക്കാൻ കഴിയുന്നുവെന്നതാണ് പദ്ധതിയുടെ മറ്റൊരു |

സവിശേഷത.

നിലവിലുള്ള റോഡുകളെപ്പറ്റി ശാസ്ത്രീയമായി പഠിച്ച് തയ്യാറാക്കിയ വിശദമായ രൂപരേഖ അനുസരിച്ച് നിർമ്മിക്കുന്ന ഈ റോഡുകളിൽ എല്ലാ വിധ റോഡുസുരക്ഷാ ക്രമീകരണങ്ങളും കർശന ഗുണനിലവാര നിയന്ത്രണങ്ങളും പാലിച്ചാണ് നിർമ്മിക്കുന്നത്. അതുമൂലം പൊതുജനങ്ങൾക്ക് സുഗമമായി അപകടരഹിത റോഡുകൾ ഉപയോഗിക്കുവാൻ കഴിയുന്നതാണ്.

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) സംസ്ഥാന ഹൈവേകളും മേജർ ജില്ലാ റോഡുകളും ഉൾപ്പെടുന്ന ഏകദേശം 1132 കി.മീറ്റർ റോഡാണ് സംസ്ഥാന റോഡ് വികസന പദ്ധതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ 42 കി.മീറ്ററും, കോഴിക്കോട് നഗര റോഡു വികസന പദ്ധതിയിൽ 37.36 കി.മീറ്ററും റോഡുകളുടെ വികസനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് നഗര റോഡു വികസന പദ്ധതികളിൽ വികസിപ്പിക്കുന്ന റോഡുകളുടെ ദൈർഘ്യം വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ.

കെ.എസ്.ടി.പി-2 പദ്ധതിയിൽപ്പെടുത്തി 363 കി.മീ ദൈർഘ്യമുള്ള 6 റോഡുകളാണ് വികസിപ്പിക്കുന്നത്. ഇതുകൂടാതെ കെ.എസ്.ടി.പി ഒന്ന് പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിനെ ഒരു മോഡൽ റോഡ് സേഫ്റ്റി കോറിഡോർ ആയി നവീകരിക്കുന്നതാണ്.

(ഡി) ഈ പദ്ധതിയുടെ മതിപ്പ് ചെലവ് എത്രയാണ് ; വിശദമാക്കുമോ;

(ഡി) സംസ്ഥാന റോഡു വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന റോഡുകളുടെ ഡി.പി.ആർ പ്രകാരമുള്ള മതിപ്പ് ചെലവ് 1136 കോടി രൂപയാണ്. അപ്ഗ്രഡേഷൻ പാക്കേജ് നടപ്പാക്കുന്നതിന് ഏകദേശം 2860 കോടി രൂപയാണ് മതിപ്പ് ചെലവായി കണക്കാക്കിയിരിക്കുന്നത്. തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ മതിപ്പ് ചെലവ് 1999-ലെ Kerala PWD SoR പ്രകാരം, പരിപാലന ചെലവ് കൂടാതെ 105 കോടി രൂപയാണ്. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 2012-13-ലെ Kerala PWD SoR പ്രകാരം 254.32 കോടി രൂപയാണ്. മറ്റ് പദ്ധതികളുടെ കൃത്യമായ മതിപ്പ് ചെലവ് വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ അറിയുവാൻ സാധിക്കുകയുള്ളൂ.

കെ.എസ്.ടി.പി-2 പദ്ധതിക്ക് 2403 കോടി രൂപയാണ് മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നത്.

| | | | |
|---|---|---|---|
| (ഇ) | പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നത് എന്നറിയിക്കുമോ ? | (ഇ) | സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (PPP) /ആന്യൂറ്റി (Annuity) രീതിയിലും അപ്ഗ്രഡേഷൻ പാക്കേജ് എ.ഡി.ബി ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കിയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>2403 കോടി രൂപയുടെ കെ.എസ്.ടി.പി- രണ്ടാം പദ്ധതിക്ക് ലോകബാങ്ക് ധനസഹായം നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**